# ഓലച്ചൂട്ടിന്റെ വെളിച്ചം

ഐസക് ഈപ്പൻ



ഓലച്ചൂട്ടിന്റെ വെളിച്ചം

ഐസക് ഈപ്പൻ

(ഓർമ്മ)

© 2020 Author

Published by Author.

First published in 2020.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: UA Khader, a portrait of Malayalam writer UA Khader by Fotokannan. The image is taken from Wikimedia Commons and is gratefully acknowledged.

# ഓലച്ചൂട്ടിന്റെ വെളിച്ചം

ഭാഷക്ക് കുറുകെ, അതിന്റെ സൗന്ദര്യ ശാസ്ത്ര നിബന്ധനകളെയും തച്ചശാസ്ത്രങ്ങളെയും കടപുഴക്കി ഏങ്കോണിച്ചും, പലപ്പോഴും തലകീഴായും സഞ്ചരിച്ച എഴുത്തുകാരനായിരുന്നു യു എ ഖാദർ. രാപ്പകലുകളുടെ സൗന്ദര്യവും, നാട്ടുപരമ്പര്യത്തിന്റെ ഉർവ്വരതയും, ക്ഷേത്ര സംസ്കൃതിയുടെ അനന്തതയും ആ നടപ്പിൽ അദ്ദേഹത്തിന്റെ വിരലിലിൽ തൂങ്ങി ഒപ്പം നടന്നു.

മലയാളസാഹിത്യം ആ നടപ്പു കണ്ടു വിസ്മയിച്ചു. കാരണം ആധുനികത കത്തിനിന്ന, അൻപതുകളിലും അറുപതുകളിലും കഥ നാട്ടുമ്പുറത്തെ ഉപേക്ഷിച്ചു നഗരങ്ങളിലേക്ക് ചേക്കേറാൻ തുടങ്ങിയിരുന്നു. പട്ടണങ്ങളിലെ മധ്യവർഗവും, കമ്പനി, തൊഴിലാളി, മുതലാളിത്തവും കഥകളിലേക്ക് ആവേശത്തോടെ കടന്നു വരുന്നുണ്ടായിരുന്നു. അത്തരം ട്രെൻഡുകൾക്കു കുറുകെയാണ് അർദ്ധ വിദേശിയായ ഒരാൾ തന്റെ നാട്ടു സ്വത്വവുമായി സഞ്ചരിച്ചത്.. മലയാളസാഹിത്യം

അത്ഭുതത്തോടെ ആ സഞ്ചാരം കണ്ടു നിന്നു. താൻ പരകായ പ്രവേശം ചെയ്തെത്തിയ, അതുവരെ അന്യമായ മറ്റൊരു ഭാഷയുടെയും സംസ്കൃതിയുടെയും അമ്പരപ്പുകളിലൂടെ നടക്കുകയും, മിത്തും, ചരിത്രവും കൊണ്ട് തിളയ്ക്കുന്ന അതിന്റെ വന്യ സൗന്ദര്യങ്ങളെ സാഹിത്യത്തിന്റെ ഭാവനയിലേക്ക് സൂക്ഷ്മതയോടെചേർത്തുവക്കുകയും ചെയ്തു യു എ ഖാദർ.

എന്തൊരു കാഴ്ചയായിരുന്നു അദ്ദേഹത്തിന്റേത്. ഒന്ന് കറങ്ങി ചരിത്രത്തിലേക്കു നോക്കുമ്പോൾ കാണുന്നതൊക്കെ, വാമൊഴിയിൽ താളമിട്ടു നിന്ന ക്ഷേത്രാചാരങ്ങളുടെയും കാവ് സംസ്കാരത്തിന്റെയും, പ്രാദേശിക ദൈവ സകൽപ്പങ്ങളുടെയും അപൂർവമായ കാഴ്ചകൾ. ഒന്നിനെയും തള്ളാതെ താൻ അഭ്യസിച്ച ഭാഷയിലെ വാക്കുകൾ കൊണ്ട് ആ കാഴ്ചകളെ ഒക്കെ അദ്ദേഹം ഒപ്പിയെടുത്തു. നാട്ടുവഴക്കത്തിന്റെന പട്ടു തലപ്പാവ് അണിയിച്ച് അവയെ അദ്ദേഹം തന്റെ ഫിക്ഷനിൽ കുടിയിരുത്തി. അങ്ങനെയായിരുന്നു യു എ ഖാദർ എന്ന മലയാളത്തിന്റെ പ്രിയപ്പെട്ട ഖാദർക്ക ചുറ്റുപാടുകളെയൊക്കെ ആവാഹിച്ചുഎടുത്തത്.

ഒറ്റ വായനയുടെ ലാളിത്യത്തിനു വെളിയിലേക്കു ഗഹനതയോടെ സഞ്ചരിക്കാൻ പറ്റുന്ന ഭാവുകത്വത്തെ ഭാഷയിലും ഫിഷനിലും ഖാദർക്ക ഒളിപ്പിച്ചു വച്ചു. അങ്ങനെ തുല്യതയില്ലാത്ത വാക്കുകളുടെ തമ്പുരാനായി യു എ ഖാദർ മലയാളത്തിൽ സ്വയം അവതരിച്ചു... യു എ ഖാദറിന് മുൻപും പിൻപും ആ ഭാഷക്കും നാട്ടാചാരങ്ങളുടെ ജ്ഞാനബോധങ്ങൾക്കും തുലനം പറയാൻ മറ്റൊരു എഴുത്തുകാരനുമില്ല. അങ്ങനെവിജയൻ മാഷ് ബഷിറിനെ



ചിത്രം 0.1: യു എ ഖാദറിനൊപ്പം ലേഖകൻ.

കുറിച്ച് പറഞ്ഞതുപോലെ ഭാഷയിലെ സ്വയം കാടായി മാറിയ ഒറ്റ മരമായി ഖാദർ നിലനിൽക്കും.

യു എ ഖാദർ ഒരു രീതിയിൽ പറഞ്ഞാൽ ഒരു എക്സോഫോണിക് റൈറ്റർ ആണ്. ഏഴ് വയസുവരെ നിലനിന്ന ഭാഷാ അനുഭവങ്ങളെ കാലികമായ അനിവാര്യതയാൽ ഉപേഷിക്കേണ്ടി വന്ന ഒരു അച്ഛന്റെ മകൻ.

ജനിച്ച വളർന്ന ഭാഷയിൽ നിന്ന് വ്യത്യസ്തമായ ഒരു ഭാഷയിലേക്കുള്ള സംക്രമണമാണ് എക്സ്ഓഫോണിക് എഴുത്തുകൾ. ചിന്നുവാ അച്ചബെ, സാമുവേൽ ബക്കെറ്റ്, ഖലീൽ ജിബ്രാൻ ഒക്കെ ഈ ഗണത്തിൽ പെട്ടവരാണ്.

പക്ഷെ അവരിൽ പലരും ജനിച്ച ഭാഷയിലും, പഠിച്ച

മറ്റൊരു ഭാഷയിലും എഴുതിപ്പോയപ്പോൾ യു എ ഖാദർ ജനിച്ച ഭാഷയുടെ അനുഭവങ്ങളെ കടം എടുത്തുകൊണ്ട് വന്നു ചേർന്ന ഭാഷയെ സമ്പന്നമാക്കി. ജനിച്ച വളർന്ന ഭാഷയിലാവട്ടെ ഒന്നും എഴുതിയിട്ടുമില്ല. "ഐരാവതിയുടെ തീരങ്ങളിൽ" എന്ന കഥയിൽ മാത്രമാണ് ഒരു ബർമീസ് വാചകം അദ്ദേഹം എഴുതിയിട്ടുള്ളത്. ബാക്കിയെല്ലാം മലയാളമായിരുന്നു. നല്ല തിളയ്ക്കുന്ന മലയാളം. ബർമീസ് ഭാഷയും അതിന്റെ ഭാവങ്ങളും ഉള്ളിൽ നിന്ന് എന്നേ മാഞ്ഞു പോയി എന്ന് അദ്ദേഹം പറയുമായിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് യു എ ഖാദറിന്റെ ബാപ്പ മൊയിദീൻകുട്ടി ബർമയിൽ നിന്ന് കോഴിക്കോട്ടേക്കു നടന്നത്. ജീവിതം എല്ലാ അർത്ഥത്തിലും വഴിമുട്ടിയിരുന്നു. അതൊരു പലായനം ആയിരുന്നു. യുദ്ധത്തിന് മുൻപേ ഭാര്യ പോയിരുന്നു. ബോംബുകളുടെ മഴ പെയ്യുന്ന രംഗൂണിൽ നിന്നും വേരുകൾ ആഴ്ന്നിറങ്ങി പോയ ബില്ലിനിൽ നിന്നും ജീവിതം തേടി മൊയിദീൻകുട്ടി എന്ന മലയാളി നടത്തിയ പലായനം. ഓർമയുടെ പഗോഡയിൽ യു എ ഖാദർ ആ നടത്തത്തിന്റെ ചരിത്രം വിവരിക്കുന്നുണ്ട്.

ബുദ്ധിയുറയ്ച്ചുവരുന്ന കാലത്തു ആത്മാവിന്റെ കാഴ്ചയായി മാറിയ പഗോഡകൾ, ഉത്സവങ്ങൾക്കു ബാപ്പയോടൊപ്പം കച്ചവടത്തിന് പോകുമ്പോൾ പഗോഡകളുടെ പരിസരത്തു കറങ്ങി നടന്നു തീർത്ത പകലുകൾ. ബർമീസ് പെണ്ണുങ്ങളുടെ നൃത്തം, ബുദ്ധവിഹാരങ്ങളിൽ ഉയർന്നു നിന്ന കൊടികൾ. പഗോഡകളുടെ മുൻപിൽ തോലുരിച്ച കുന്തത്തിൽ കോർത്തിട്ട മൃഗങ്ങൾ.

ദേശകാലങ്ങളെ ഉപേക്ഷിച്ചല്ല മനുഷ്യർ ഒരു നാട്ടിൽ

നിന്ന് മറ്റൊന്നിലേക്കു യാത്ര ചെയ്യുന്നത്. ദേശത്തെ ഹൃദയത്തോടെ ചേർത്തുപിടിച്ചാണ്. അനുഭവത്തിലും ഭാവനയിലും അവരതു ചേർത്തുവെക്കുന്നു. ഏതൊരു എഴുത്തുകാരന്റെയും ബാല്യകൗമാരങ്ങൾ അവരുടെ ഭാവുകത്വ ചിന്തയുടെ അടിത്തറയായി മാറുന്നത് അങ്ങനെയാണ്. നടത്തത്തിനിടയിൽ പിറകിലായി പോകുന്ന ദേശത്തെ ഖാദർ എന്ന കുട്ടി തന്റെ കാഴ്ചയുടെ അപാരതയിൽ ആവാഹിച്ചെടുക്കുകയും, ഉള്ളിൽ ഒരഗ്നിയായി സൂക്ഷിക്കുകയും ചെയ്തു എന്ന് വേണം കരുതാൻ. കൊയിലാണ്ടിയിലും തിക്കോടിയിലും ഖാദർ കണ്ടെത്തിയതും ഇതേ കാഴ്ചകളെ ആണ്, മറ്റൊരു രൂപത്തിൽ...

ഒടുവിൽ യാത്രയുടെ അന്ത്യത്തിൽ അയാൾ എത്തി ചേർന്ന ഭൂമികയിലെ ഏകാന്തതയിൽ, പന്തലായനിയിലെയും, തിക്കോടിയിലെയും, തെരുവുകളിൽ, അന്തിചന്തയിൽ, ഒറ്റപ്പെട്ട തിക്കോടി റെയിൽവേ സ്റ്റേഷനിൽ, ചാമി അയ്യരുടെ ചായക്കടയിൽ, ശിവക്ഷേത്രത്തിൽ, നാട്ടുത്സവങ്ങളിൽ, ബീഡി തെറുപ്പു ശാലകളിൽ, നാടക സംഘങ്ങളിൽ ഇങ്ങനെ ഖാദർ തന്റെ ബാല്യകൗമാരങ്ങൾ നടന്നു തീർത്ത ഇടങ്ങളിലെല്ലാം അദ്ദേഹം തന്റെ ബില്ലിൻ കാഴ്ചയെ പറിച്ചുനട്ടു. അന്നോളം ആരും കാണാത്ത സാഹിത്യത്തിലെ ബഡ്ഡിങ് ആയിരുന്നു അത്.

എത്തിച്ചേർന്ന നാട് ഒരത്ഭുതമായിരുന്നു എന്നദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇതുവരെയും കാണാത്ത പെണ്ണുങ്ങളും, ആണുങ്ങളും. വീട്ടിലും നാട്ടിലും ബർമൻ മുഖമുള്ള ആ കുട്ടി ഒറ്റപെട്ടു. എല്ലാവരുടെയും പരിഹാസ പാത്രമായി.

ഉപ്പയുടെ ഉമ്മയിൽ നിന്ന് മാത്രമാണ് സ്നേഹം കിട്ടിയത്. ആദ്യകാലങ്ങളിൽ ആവശ്യമുള്ളത് ചോദിച്ചു വാങ്ങുവാനുള്ള ഭാഷ അറിയാത്തതിനാൽ സങ്കടപ്പെട്ട് കരഞ്ഞിട്ടുണ്ട്. വീട്ടിലെത്തി ഓത്തും അക്ഷരവും പഠിപ്പിച്ചു കൊടുത്ത മമ്മദ് മുസ്‌ലിയാരേയും സാഹിത്യത്തിലേക്കുള്ള വാതിൽ തുറന്നു കൊടുത്ത സി എച്ചിനെയും ജീവിത കാലം മുഴുവൻ യു എ ഖാദർ ഓർക്കുന്നുണ്ട്.

ഖാദർ എഴുതി തുടങ്ങുന്ന കാലം, പ്രത്യേകിച്ചും അറുപതുകളുടെ അവസാനവും എഴുപതുകളും മലയാള കഥാസാഹിത്യത്തിൽ ആധുനികതയുടെ വസന്തങ്ങൾ പൂത്ത കാലമാണ്. കാല്പനികതയിൽ നിന്ന്, നവോത്ഥാനത്തിലൂടെ സഞ്ചരിച്ച സാഹിത്യം ജനാധിപത്യവത്കരിക്കപ്പെടുകയും വരേണ്യജീവിതത്തിന്റെ മട്ടുപ്പാവിൽ നിന്ന് കഥ തെരുവിൽ സഞ്ചരിക്കാൻ തുടങ്ങുകയും ചെയ്ത കാലം...

ബഷീറിലും, ഉറൂബിലും, തകഴിയിലും പൂവിട്ട സാഹിത്യത്തിന്റെ യാഥാർഥ്യ ബോധങ്ങളും, പ്രാന്തവത്കരിക്കപ്പെട്ട മനുഷ്യരും ഖാദറിലെത്തുമ്പോൾ പച്ചപ്പ് നിറഞ്ഞ, നാട്ടു ദൈവങ്ങൾ നിറഞ്ഞ, മിത്തുകളും തെയ്യങ്ങളും നിറഞ്ഞ, വെളിച്ചപ്പാടുകളും, തുള്ളലും, തെയ്യവും നിറഞ്ഞ മറ്റൊന്നായി പരിണമിച്ചു.

മനുഷ്യരെപ്പോലെ തന്നെ യക്ഷികളും, പ്രേതങ്ങളും, ജിന്നുകളും, കരിനാഗങ്ങളും, ആദിദൈവങ്ങളും എല്ലാം ഖാദറിന്റെ കഥകളിൽ കുഴഞ്ഞുമറിഞ്ഞു. എങ്ങനെയാണ് അദ്ദേഹത്തിന് ഇത്രയേറെ ക്ഷേത്രാചാരങ്ങളും മിത്തുകളും കിട്ടിയത് എന്നും അവയെ എത്ര മനോഹരമായിട്ടാണ് എഴുത്തിന്റെ മൂല

ബിംബങ്ങളെയായി കോർത്തിട്ടതെന്നും വായനക്കാർ അത്ഭുതപ്പെട്ടു. അത്തരം വഴക്കങ്ങളെ ഉപയോഗിച്ചു കൊണ്ട് തന്നെ, ഖാദർ ജന്മികുടിയാൻ ബന്ധത്തിന്റെയും, തകർന്നുകൊണ്ടിരിക്കുന്ന ഫ്യൂഡലിസത്തിന്റെയും, വ്യർത്ഥ ജാതിത്വത്തിന്റെ പാരമ്പര്യങ്ങളെയും കുറിക്കുന്ന രാഷ്ട്രീയം പറയാനും കഥകളെ ഉപയോഗിച്ചു.

എഴുത്തിലെ ഈ കണിശത അദ്ദേഹം ജീവിതത്തിലും പുലർത്തി. ഞങ്ങൾ കോഴിക്കോട്ടുകാരായ എഴുത്തുകാർക്ക് അദ്ദേഹം എന്നും ജ്യേഷ്ഠ സഹോദരനായിരുന്നു. ഒരിക്കൽ എന്റെ ഒരു പുസ്തക പ്രകാശനത്തിന് അദ്ദേഹത്തോട് പറയാൻ സാധിച്ചില്ല. പിന്നീട് കണ്ടപ്പോൾ അതിന്റെ പരിഭവം അദ്ദേഹം മറച്ചു വച്ചുമില്ല.

“ഞാനൊരു സീനിയർ എഴുത്തുകാരനല്ലേ. എന്നെ വിളിക്കണ്ടേ” എന്നദ്ദേഹം ചോദിച്ചപ്പോൾ ഞാൻ വല്ലാതെ ആയി. പിന്നീട് കോഴിക്കോട്ടു വച്ച നടന്നിട്ടുള്ള എന്റെ എല്ലാ പുസ്തകപ്രകാശനങ്ങളിലും ഞാൻ ഖാദർക്കയോടെ പറഞ്ഞിട്ടുണ്ട്. കഴിയുമ്പോഴൊക്കെ അദ്ദേഹം പങ്കെടുത്തിട്ടുമുണ്ട്. എഴുത്തുപോലെത്തന്നെ ഏതു കാര്യത്തെക്കുറിച്ചും ദീർഘമായി സംസാരിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. പ്രസംഗവേദിയിൽ എത്തിയാൽ പലപ്പോഴും അദ്ദേഹം സ്വയം മറന്നു സംസാരിക്കുമായിരുന്നു. എഴുത്തിലും, പ്രസംഗത്തിലും നീട്ടിപ്പരത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അതിലൂടെ ചുറ്റുമുള്ള എല്ലാത്തിനെയും അദ്ദേഹം തന്റെ വിവരണത്തിന്റെ അവരണത്തിനുള്ളിൽ ചേർത്ത് വച്ചു. അസാമാന്യമായ

അന്തരീക്ഷ വിവരണമായിരുന്നു യു എ ഖാദറിന്റേത് എന്ന് അദ്ദേഹത്തിന്റെ നോവലുകൾ വായിച്ചാൽ മനസിലാവും.

അദ്ദേഹത്തിന്റെ 'തൃക്കോട്ടൂർ നോവെല്ലകൾ'ക്കു കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് കിട്ടിയ സമയത്തും, പിന്നീട് പലപ്പോഴുമായും 'അഘോരശിവം' ഉൾപ്പടെയുൾപ്പടെയുള്ള കൃതികളെ കുറിച്ച് നിരവധി പ്രഭാഷണങ്ങൾ ഞാൻ നടത്തിയിട്ടുണ്ട്. ഓരോ പ്രഭാഷണങ്ങൾക്കു മുൻപും ആ കാര്യം ഞാൻ വിളിച്ചു പറയുമ്പോൾ അദ്ദേഹത്തിന് വലിയ സന്തോഷമായിരുന്നു. "ഐസക്കിന്റെ പ്രഭാഷണം എനിക്കിഷ്ടമാണെന്നു" പറഞ്ഞു പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

നല്ല എഴുത്തുകാർ വാക്കുകളെ സൃഷ്ടിക്കുന്നവർ കൂടിയാണ്. ഇംഗ്ലീഷ് ഭാഷക്ക് 1700 പുതിയ വാക്കുകൾ ഷേക്സ്പിയർ നൽകിയതായി പറയാറുണ്ട്. യു എ ഖാദറും ആ ഗണത്തിൽ പരിഗണിക്കാവുന്ന എഴുത്തുകാരനാണ്.

വടക്കൻ മലബാറിൽ പ്രചാരത്തിലിരുന്നതും, പ്രയോഗ ശോഷണത്താൽ മാഞ്ഞുപോയതുമായ എത്രയോ വാക്കുകളാണ് യു എ ഖാദർ തന്റെ കൃതികളുടെ ആത്മാവിൽ ഒരു മ്യൂസിയത്തിൽ എന്നപോലെ സൂക്ഷിച്ചു വച്ചിരിക്കുന്നത്. കുത്തികുന്തം ചാടുക, നട്ടപ്പിരാന്ത്, പൊറാട്ടു നാടകം, എരിപൊരി സഞ്ചാരം, ചിക്കിച്ചിനക്കുക, പുക്കാർ എന്നിങ്ങനെ അപൂർവ പ്രയോഗങ്ങളുടെ ഒരു പുരാവസ്തു ശാലയാണ് യു എ ഖാദറിന്റെ കൃതികൾ. അതിനെക്കുറിച്ചുള്ള ഒരു ചോദ്യത്തിന് അദ്ദേഹം പറഞ്ഞ ഉത്തരം അതിൽ പലതും

തന്റെ മാത്രം കണ്ടുപിടിത്തമാണെന്നാണ്. അതായിരുന്നു ആ എഴുത്തുകാരന്റെ ആത്മവിശ്വാസം.

വീട്ടുമുറ്റത്തെ കാവും, കാഞ്ഞിരമരവും, അതി ദേവതാ സകൽപ്പനകളും നിറഞ്ഞ മലയാളിയുടെ ഗൃഹാതുരത്വത്തെയാണ് യു എ ഖാദർ ആവിഷ്കരിച്ചത്. നാട് മുഴുവൻ പടിയടച്ച പിണ്ണംവച്ച്, പുലയാട്ടുമോതിയ പെണ്ണായ മുച്ചിലോട്ട് ഭഗവതി തിരിച്ചെത്തി നാടിന്റെ വിധി നിർണയിക്കുന്നു. 'വായെ പാതാളത്തി'ലെ കാളി ശൂദ്രന്റെ വീട്ടിൽ പോയി വെള്ളം കുടിച്ചതിന് പുറത്താക്കപ്പെട്ടവളാണ്. 'അഘോരശിവ'ത്തിലെ പൊങ്കീരി മുത്തപ്പൻ പുലയൻ കുങ്കറിന്റെ വളർത്തു മകനാണ്. പുളിയർ മലയിലെ അടിയാത്തി പെണ്ണാണ് നാട്ടിലെ പെണ്ണ്പിടിയനായ വാഴയിൽ പെരിയോരെ ഇല്ലാതാക്കാനായി ശപഥം ചെയുന്നത്. മകൻ വളർന്നപ്പോൾ ഒടിവിദ്യ ആഭ്യസിക്കുകയും ചെന്നായുടെ വേഷം കെട്ടി അയാള കൊല്ലുകയും ചെയ്തു. ഇങ്ങനെ യു എ ഖാദറിന്റെ കഥാപാത്രങ്ങൾ നാട്ടുനീതിയുടെ നടത്തിപ്പിനായി, മനുഷ്യരുടെ സങ്കടങ്ങൾ തീർക്കാനായി ചരിത്രത്തിൽ നിന്ന് മലയിറങ്ങി വന്നു.

യു എ ഖാദറിന്റെ കഥകൾ മലയാളത്തിൽ അന്നേവരെ ആരും പരീക്ഷിച്ചിട്ടില്ലാത്ത പുതിയ ഭാഷയെയും, കാലത്തെയും കണ്ടെടുത്തു അവതരിപ്പിച്ചു. മാർക്വേസിന്റെ മാർക്കൊണ്ട പോലെ ഖാദറിന്റെ ഭൂമിയിൽ തൃക്കോട്ടൂർ എഴുന്നു നിന്നു. അവിടെ അദ്ദേഹം ചരിത്രത്തിൽ നിന്നും, മിത്തുകളിൽ നിന്നും കണ്ടെടുത്ത കഥാപാത്രങ്ങൾക്ക് ജീവൻ കൊടുത്തു കൊണ്ടുവന്നു. എന്നിട്ട്, അതിനു ചുറ്റുമുള്ള എല്ലാത്തിനെയും അതിലേക്കു ആവാഹിച്ചു കുടിയിരുത്തി...

ക്ഷേത്രവും, കാവും, കുളവും, ഓത്തുപള്ളിയും, ആൽമരങ്ങളും, പുരാതനമായ നിഴലുറങ്ങുന്ന നടപ്പാതകളും, പ്രേത സകൽപ്പങ്ങളും എല്ലാം അതിൽപ്പെട്ടു. യു എ ഖാദറിൽ നിന്ന് തൃക്കോട്ടൂരിലെ ഒരു ചരിത്രാംശത്തിനും, വീരഗാഥകൾക്കും ഒഴിഞ്ഞു മാറാൻ കഴിഞ്ഞില്ല. അതുമല്ലങ്കിൽ യു എ ഖാദറിന്റെ വാക്കുകളായി ജന്മം കൊള്ളാൻ തൃക്കോട്ടൂരിലെ പുരാതന മനുഷ്യരുടെ ആത്മാക്കൾ കാത്തുനിന്നു.

കോവിലനു ശേഷം നാട്ടുഭാഷയെ ഇത്രയേറെ ഉപയോഗിച്ച വേറെ എഴുത്തുകാരില്ല.. ആഫ്രിക്കൻ നോവലിസ്റ്റായ ചിന്നുവാ അച്ചബെ പറഞ്ഞതുപോലെ, ഒരു നാടിന്റെ പ്രാഗ്ചരിത്രം തേടി നാളത്തെ ചരിത്രന്വേഷികൾ എത്തേണ്ടത് ചരിത്രപുസ്തകത്തിലേക്കല്ല, ആ നാടിന്റെ സാഹിത്യരൂപങ്ങളിലേക്കാവണം. അത്രമാത്രം ചരിത്രവും, ഭൂമിശാസ്ത്രവും, സാമൂഹ്യജീവിതവും ആ സാഹിത്യരൂപങ്ങളിൽ ഉണ്ടാവണം. ഇത് യു എ ഖാദറിലാണ് പൂർണമായത്. യു എ ഖാദറിലെ എഴുത്തുകാരൻ ഒരേസമയം ചരിത്രകാരനും, സാമൂഹ്യശാസ്ത്രജ്ഞനും, മനഃശാസ്ത്രജ്ഞനും ഒക്കെ ആയി മാറിക്കൊണ്ടിരിക്കുന്നത് അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പൊതുവെ കഥകളിൽ നിന്ന് സ്വയം മറഞ്ഞിരുന്നു കഥ പറയുന്ന രീതിയാണ് യു എ ഖാദറിന്റേതെങ്കിലും, പലപ്പോഴും അദ്ദേഹം എഴുത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ‘അഘോരശിവ’ത്തിൽ കുട്ടിയായി ചാമിഅയ്യരുടെ ചായക്കടയിലേക്കെത്തുന്ന എഴുത്തുകാരൻ, പിന്നീട്

മറഞ്ഞുനിന്നാണ് സംസാരിക്കുന്നത്. നോവലിന്റെ അവസാനം പേരക്കുട്ടിയുടെ കൈപിടിച്ച് അതേ ഭൂമികയിലൂടെ അദ്ദേഹം നടക്കുന്നുണ്ട്.

മലയാളസാഹിത്യത്തിന്റെ ഇരുണ്ട നട്ടുമുറ്റത്ത് കത്തിച്ചുവച്ച ഓലച്ചൂട്ടായിരുന്നു ഖാദർ കൃതികൾ... അതിന്റെ നാട്ടുവെളിച്ചം കാല്പനികതയുടെ ലാവണ്യവും, നവോത്ഥാന സാഹിത്യത്തിലെ ജീവിതാവബോധവും, ആധുനികതയുടെ വിഷാദങ്ങളും മറികടന്നു മലയാളത്തിന്റെ എഴുത്തുമനസിന് അതുവരെ ആരും കാണിച്ചു തരാതിരുന്ന ഒരു പുതിയ ദേശബോധത്തിലേക്ക് വായനക്കാരെ എത്തിച്ചു. സത്യവും മിഥ്യയും, സ്വപ്നങ്ങളും പാരമ്പര്യങ്ങളും, ആചാരവും ക്ഷേത്രവും പള്ളിയുമെല്ലാം അതിലൂടെ കുഴഞ്ഞുമറിഞ്ഞു വായനക്കാരെ വിഭ്രമിപ്പിച്ചു. ആർക്കും അനുകരിക്കാനാവാത്ത അതുല്യമൊയൊരു മൊഴിയായി, യു എ ഖാദർ എന്ന മനുഷ്യനും, എഴുത്തുകാരനും മലയാള സാഹിത്യ ചരിത്രത്തിൽ ഒറ്റപ്പെട്ടു നിൽക്കുന്നു. വടക്കൻ മലബാറിന്റെ പുരാവൃത്തങ്ങളെ തേടുന്നവർക്ക് ആ ഒറ്റയാന്റെ അരികിലെത്താതെ ഇനി തരമില്ല.

വായിക്കുംതോറും തന്റെ ഗതകാലജ്ഞാനത്തിന്റെ സമൃദ്ധിയാൽ വായനക്കാരെ വിസ്മയിപ്പിച്ചുകൊണ്ട് യു എ ഖാദർ മലയാളസാഹിത്യത്തിൽ എപ്പോഴും ഒറ്റപ്പെട്ടുതന്നെ നിലനിൽക്കും.

⋆ ⋆ ⋆

## ഐസക് ഈപ്പൻ



മലയാളത്തിലെ അറിയപ്പെടുന്ന കഥാകൃത്തും പ്രഭാഷകനും. ജനനം ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ. എം.എ എം.ഫിൽ പഠനത്തിനു ശേഷം കോളേജ് അദ്ധ്യാപകനായി തുടക്കം. 1991ൽ ഇൻഡ്യൻ ഇൻഫർമേഷൻ സർവീസിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 21 പുസ്തകങ്ങൾ. അബുദാബി ശക്തി അവാർഡ്, എസ്.കെ. പൊറ്റെക്കാട് പുരസ്കാരം, തകഴി അവാർഡ്, യുവസാഹിത്യ പുരസ്കാരം, കൊച്ചുബാവാ പുരസ്കാരം, ബഷീർ പുരസ്കാരം തുടങ്ങി വിവിധ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## പ്രധാനപ്പെട്ട കൃതികൾ

- സൗഹൃദത്തിന്റെ വെളിപ്പാടുകൾ
- നെഹ്റുവിന്റെ തീവണ്ടി
- അതെല്ലാം മറന്നേക്കൂ
- നഗരത്തിലെ കോമാളികൾ
- അഗ്നിയിൽ ഒരു നഗരം
- വാസ്കോഡ ഗാമ അഥവാ മൂസ അബ്ദുള്ള
- പരദേശി മോക്ഷയാത്ര
- കോളനി വാഴ്ച്ച
- നഗരം റബേക്കയോട് പറഞ്ഞത്
- ഏഴാമത്തെ നില